പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3818 — 15/05/2017 ൽ മറുപടിയ്ക്ക്

# അന്വേഷണ ഏജൻസികളെ സഹായിക്കുന്ന റവന്യൂ, സർവ്വേ വകുപ്പ് ജീവനക്കാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെങ്കിലും അന്വേഷണ ഏജൻസികളെ സഹായിക്കുന്നതിന് റവന്യൂ സർവ്വേ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br>(ബി) പ്രസ്തുത ജീവനക്കാരെ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളതെന്നും ഏതു കാലാവധി വരെയാണ് നിയമിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) & (ബി) | ഉണ്ട്.<br>റവന്യൂ വകുപ്പിൽ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ മൂക്കുന്നിമലയിൽ അനധികൃത പാറഖനനം സംബന്ധിച്ച് വിജിലൻസ് അഴിമതി നിരോധന ബ്യൂറോ രജിസ്റ്റർ ചെയ്ത കേസിൽ വിജിലൻസിനെ സഹായിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് സർവ്വേയറായ ശ്രീ.സുരേഷ് കുമാർ.ആർ.വി, പള്ളിച്ചൽ വില്ലേജിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ.രാഹുൽ കുമാർ, ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ.നെൽസൺ, ശ്രീ.സേവ്യർ എന്നിവരെ നിയോഗിച്ചിരുന്നു. സുരേഷ് കുമാർ ഒഴികെയുള്ള ജീവനക്കാർ വകുപ്പിൽ തിരികെ വന്നിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്.<br>സർവ്വേയും ഭൂരേഖയും വകുപ്പിൽ മാനന്തവാടി റീസർവ്വേ സൂപ്രണ്ടായ ശ്രീ.അജിത്കുമാർ. ആർ.ജി. എന്നയാളെ സി.ബി.ഐ. യുടെ RC 04/(E)/2014 നമ്പർ കേസ് അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. സി.ബി.ഐ യുടെ അഭ്യർത്ഥന പ്രകാരം കേസന്വേഷണത്തിൽ സഹായിക്കുന്നതിനാണ് രണ്ടുമാസത്തേയ്ക്ക് ടിയാളുടെ സേവനം വിട്ടു കൊടുത്തത്. |
| (സി) ഈ കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ചവർ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ? | (സി) | ഉണ്ട്. സർവ്വേ വകുപ്പിൽ ശ്രീ.അജിത്കുമാർ. ആർ.ജി. ഹെഡ്സർവ്വെയറായി ജോലി നോക്കിയിരുന്ന കാലയളവിൽ 26/06/2014 മുതൽ സി.ബി.ഐ. യിലെ RC 04/(E)/2014 നമ്പർ കേസ് അന്വേഷണത്തിനായി സഹായിച്ചു വരുന്നു. സർവ്വെ ഡയറക്ടറുടെ 30/11/2016 ലെ ജി4-43/13 നമ്പർ ഉത്തരവ് പ്രകാരം ടിയാന് മാനന്തവാടി റീസർവ്വേ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി. എന്നാൽ സി.ബി.ഐ. യുടെ അഭ്യർത്ഥന അനുസരിച്ച് ടിയാളുടെ |

സേവനം രണ്ട് മാസത്തേയ്ക്ക് കൂടി സി.ബി.ഐ. യ്ക്ക് വിട്ടു നൽകിയിരുന്നു.

റവന്യൂ വകുപ്പിൽ നിന്നും അന്വേഷണ ഏജൻസികളെ സഹായിക്കുന്നതിന് നിയോഗിക്കപ്പെട്ട ആർക്കും തന്നെ പ്രസ്തുത കാലയളവിൽ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ